LIBRARY ARCHIVES Kerala Legislative Assembly

ബോണക്കാട് മഹാവീർ പ്ലാന്റേഷൻ

57 [490] ശ്രീ. ഡി. സുഗതൻ:

,, എ. പി. അനിൽകുമാർ:

,, എം. പി. ഗംഗാധരൻ:

,, ഇ. എം. അഗസ്തി:

,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോണക്കാട് മഹാവീർ പ്ലാന്റേഷൻ ലേലം ചെയ്തോ;

(ബി) എങ്കിൽ ആരെങ്കിലും അത് ലേലത്തിനെടുത്തുവോ;

(സി) എങ്കിൽ ലേലത്തിനെടുത്ത വ്യക്തി ആരെന്ന് വെളിപ്പെടുത്തുമോ;

(ഡി) തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ പ്രസ്തുത എസ്റ്റേറ്റ് ലേലത്തിൽ പിടിച്ച വ്യക്തി നൽകിയോ;

(ഇ) എങ്കിൽ ആകെ എന്തു തുക നൽകി;

(എഫ്) ആ തോട്ടം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ മുതൽ ഇ വരെ) ബോണക്കാട് മഹാവീർ പ്ലാന്റേഷൻ ലേലം ചെയ്തിട്ടില്ല.

(എഫ്) ഇപ്പോൾ തോട്ടം പ്രവർത്തിക്കുന്നില്ല.

പൊതു ഗതാഗതനയ രൂപീകരണം

58 [491] ശ്രീ കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു പൊതു ഗതാഗത നയം രൂപീകരിക്കുന്ന കാര്യം സർക്കാർ നവീകരണ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി അറിയുമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പൊതുജനങ്ങൾക്ക് അധികമായി എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യത യുണ്ടാകുന്ന നടപടികൾ അതിന്റെ ഭാഗമായി ഉണ്ടാകുമോ;

(ഡി) എങ്കിൽ ജനങ്ങൾക്ക് ബാദ്ധ്യതയുണ്ടാകുന്ന അത്തരം പദ്ധതികൾ ഒഴിവാക്കുവാൻ ശ്രമിക്കുമോ?

ഉത്തരം

(എ) ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഗതാഗത നയം രൂപീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തുന്നതിനും ഒരു സർവ്വെ നടത്തുന്നതിനും സർക്കാർ നവീകരണ പദ്ധതി യിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(സി ആന്റ് ഡി) പൊതുജനങ്ങൾക്ക് അധികമായി സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാത്ത രീതിയിൽ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ബസ് റൂട്ടുകളുടെ ദേശസാൽക്കരണം

59 [492] ശ്രീ. വി. ബാലറാം:
,, എഴുകോൺ നാരായണൻ:
,, ജോർജ് ജെ. മാത്യു:
,, കെ. മോഹൻകുമാർ:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിൽ ബസ് റൂട്ടുകളുടെ സമ്പൂർണ്ണ ദേശസാൽക്കരണം സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടത്തിയത്;

(ബി) ഇപ്പോൾ എത്ര കിലോമീറ്റർ ബസ് റൂട്ടിൽ സമ്പൂർണ്ണ ദേശസാൽക്ക രണം നിലവിലുണ്ട്;

(സി) ഈ റൂട്ടുകളിൽ യാത്രക്കാരുടെ ആവശ്യത്തിനുള്ള ബസ് ഓടിക്കുവാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിയുന്നുണ്ടോ;

(ഡി) സമ്പൂർണ്ണ ദേശസാൽക്കരണമുണ്ടായിരുന്ന എവിടെയെല്ലാം പ്രൈവറ്റ് ബസ്സുകളുടെ ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ട്;

(ഇ) ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് എന്തെങ്കിലും ദോഷമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly